(എ) പറവൂർ താലൂക്കിൽ ഇടപ്പള്ളിപകുതിയിൽ പീലിക്കാട്ടുകരയിൽ നിന്നു ചേരാനെല്ലൂക്ക് കടക്കുന്നതിനു ഒരു ചെറിയ പാലം പണിയുന്നതിനുവേണ്ട ഭൂമി അക്വയർചെയ്ത് പീലിക്കാട്ടുകാരുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടുള്ള വല്ല നിവേദനവും ഗവൺമെണ്ടിനു് ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ലഭിച്ചിട്ടുണ്ടു്.

(ബി) വഴിക്കു വേണ്ട സ്ഥലം ഗവൺമെണ്ടിലേക്കു സൗജന്യമായി വിട്ടുകൊടുക്കാമെന്നു് വസ്തു ഉടമസ്ഥന്മാർ സമ്മതിക്കുകയും, അവിടെ മണ്ണിട്ടു നികത്തുവാൻ സ്ഥലവാസികളും തയ്യാറാകുകയും ചെയ്യുമെങ്കിൽ റോഡു് പാലമുണ്ടാക്കികൊടുക്കുന്നതിനു വേണ്ട നടപടികളും നടത്തുന്നതാണു്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: സ്ഥലവും റോഡും ശരിയാക്കിക്കഴിഞ്ഞതിനുശേഷം പിന്നെ ഗവൺമെണ്ടു് എന്താണു കുലുമാണു് ചെയ്തുകൊടുക്കാനുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അതു റോഡാക്കി ഉറപ്പിച്ചുകൊടുക്കും.

മാക്കറിലെ ഷെഡ്ഡുകൾ

*൯൩൫. (൨൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർ താലൂക്കിൽ കുടുംബാവകാശങ്ങൾ ഉള്ള പബ്ലിക്കു മാക്കറിലെ മൂന്നു ഷെഡ്ഡുകൾ ഇടിഞ്ഞുപൊളിഞ്ഞു വീഴാറായിരിക്കുന്ന സംഗതി പല പല പ്രാവശ്യം നിവേദനങ്ങൾമുഖേനയും നിയമസഭാ ചോദ്യങ്ങൾമുഖേനയും ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നതായി ഓർക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഷെഡ്ഡുകൾ ഉടനടി നന്നാക്കുവാൻ കല്പന അയയ്ക്കുന്നതാണെന്നു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി നിയമസഭയിൽ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതായി ഓർക്കുന്നുണ്ടോ?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) ഷെഡ്ഡുകൾ നന്നാക്കുവാൻ ഉത്തരവുകൾ അയച്ചിട്ടുണ്ടു്.

കുമ്പളങ്ങിയിലെ ശുദ്ധജലക്ഷാമം

*൯൩൬. (൨൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൨,൦൦൦ ജനങ്ങൾ തിങ്ങിത്താമസിക്കുന്നതും, പലവിധ രോഗങ്ങൾക്കു വിധേയരായവരുമായ കുമ്പളങ്ങിദേശവാസികൾ കുടിക്കുന്നതിനുള്ള ശുദ്ധജലം കിട്ടാതെ വളരെ കഷ്ടത അനുഭവിക്കുന്നുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിനറിയാമോ;

(ബി) കുമ്പളങ്ങി ഡിസ്പെൻസറി ഉൽഘാടനം ചെയ്യുവാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി വന്നിരുന്ന അവസരത്തിൽ അവിടെ സമ്മേളിച്ച ഒരു വൻപിച്ച യോഗത്തിൽ ഇതിനെ സംബന്ധിച്ചു് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും എടുത്തുവോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) കമ്പളങ്ങിയിൽ ശുദ്ധജലക്ഷാമമുണ്ട്.

(ബി) ഉവ്വ്.

(സി) നിവേദനത്തിലെ സംഗതികൾ ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അവിടത്തെ ശുദ്ധജലക്ഷാമത്തിന് ഉടനെ പരിഹാരമുണ്ടാക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതു വേറെ സംഗതികളെക്കൂടി ആശ്രയിച്ചിരിക്കുന്ന കാര്യമാണ്.

ശ്രീ. എ. പി. ഉദയഭാനു: കമ്പളങ്ങിയിൽ മാത്രമല്ലല്ലൊ, തീരപ്രദേശത്തു മുഴുവൻ ശുദ്ധജലക്ഷാമമില്ലേ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്.

ശ്രീ. എ. പി. ഉദയഭാനു: അതെല്ലാം പരിഹരിക്കേണ്ടതല്ലേ?

ശ്രീ. എ. ജെ. ജാൺ: അതെ.

മിനറൽസ് കമ്പനിയിലെ ജോലി

*൯൫൦. (൨൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) Associated Minerals Co., ജോലി നിറുത്തിവച്ചിട്ട് എത്രകാലമായി; അതുമൂലം എത്രയാളുകൾക്ക് തൊഴിലില്ലാതായിട്ടുണ്ട്;

(ബി) പ്രസ്തുത കമ്പനിയിലെ ജോലിക്കാരുടെ ശമ്പളവും മറ്റും കുടിശ്ശിഖ ഇട്ടിട്ടുണ്ട് എന്നു പറയുന്നതു് വാസ്തവമാണോ;

(സി) കമ്പനി താമസിയാതെ, വീണ്ടും ജോലിയാരംഭിക്കുന്നതിനുവേണ്ട നടപടി ഗവൺമെണ്ട് എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) എ. എം. സി. യിൽ ജോലി നിറുത്തിവെച്ചിട്ട് ഒന്നേകാൽ വർഷത്തോളമായി. അതുമൂലം ൪൦൦ പേർക്ക് തൊഴിലില്ലാതായിട്ടുണ്ട്.

(ബി) അവർക്ക് ൧൯൬൪ലെ നോട്ടീസു വെച്ചു്, ചവറ മിനറൽസ് കമ്പനികളെ സംബന്ധിച്ചുള്ള ആർബിട്രേഷൻ അവാർഡ് അനുസരിച്ചു് ൨൨—൧൨—൧൯൬൫ മുതൽക്കുള്ള ഇൻക്രീസ്ഡ് വേജസ്, ൧൯൬൬, ൧൯൬൭, ൧൯൬൮ എന്നീ കൊല്ലങ്ങളിലെ ബോണസ് എന്നിവ കുടിശ്ശിഖ ഇനങ്ങളിൽ കിട്ടാനുണ്ട്.

(സി) ഉണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ കുടിശ്ശികത്തുപ്പു് ആരാണ് കൊടുക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ ചെലവു് വഹിക്കേണ്ടതു കമ്പനിയിൽനിന്നാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ കമ്പനി ഗവൺമെണ്ട് വിലയ്ക്കു വാങ്ങുവാൻ ഉദ്ദേശിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly